# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

## ബി.വി.എൽ.പി. സ്കൂൾ,
## വാടാനപ്പള്ളി
### പി.ഒ. നടുവിൽക്കര

# ആമുഖം

വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഏക പ്രൈമറി സ്കൂളാണ് ബോധാനന്ദ വിലാസം എൽ.പി. സ്കൂൾ. കനോലി കനാലിന്റെ തീരത്ത് നടുവിൽക്കര എന്ന പ്രദേശത്താണിത്. ആദ്യകാലത്ത് പഠിക്കാനുള്ള സൗകര്യങ്ങൾ തീരെയില്ലാതിരുന്ന കാലത്ത് പൊതുവിദ്യാഭ്യാസം സാധാരണക്കാരുടെ മക്കൾക്ക് ലഭ്യമാക്കാൻ വേണ്ടി 1931 ൽ വന്നേരി കറപ്പക്കുട്ടി എന്ന ആളാണ് ഇതിന്റെ സ്ഥാപകൻ. ആദ്യകാലത്ത് എല്ലാ വിഭാഗങ്ങളിലും പെട്ടം ധാരാളം കുട്ടികൾ ഇവിടെ പഠനത്തിന് എത്തിയിരുന്നു.

ഇന്ന് പിന്തിരിഞ്ഞ് നോക്കുമ്പോൾ ഈ പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം നൽകിയിരുന്നത് ഈ സ്കൂളാണ്. ഡോക്ടർമാർ, അഭിഭാഷകർ, എഞ്ചിനീയർമാർ സർക്കാർ ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ തുടങ്ങി ഒട്ടനവധി ആളുകൾക്ക് ഈ സ്കൂൾ ജന്മം നൽകിയിട്ടുണ്ട്. ഈ നാട്ടിൽ മറ്റൊരു സ്കൂളില്ല എന്നതും അമ്പതു ശതമാനത്തിലധികം പിന്നോക്ക വിഭാഗത്തിൽപെട്ടവർ പഠിക്കുന്ന സ്ഥാപനം എന്നതും എടുത്തു പറയേണ്ടതാണ്.

ഇടക്കാലത്ത് പൊതുവിദ്യാഭ്യാസരംഗത്തിന് ഒരൽപം ക്ഷീണം സംഭവിക്കുകയും തൽഫലമായി വിദ്യാലയങ്ങളിൽ നിന്ന് കുട്ടികൾ അൺഎയ്ഡഡ് വിദ്യാലയങ്ങളിലേക്ക് പോകുന്ന ഒരു സാഹചര്യമുണ്ടായി. നിർഭാഗ്യവശാൽ നമ്മുടെ വിദ്യാലയത്തേയും അത് സാരമായി ബാധിച്ചു.

എന്നാൽ ഇന്ന് മാനേജ്മെന്റിന്റേയും ജനപ്രതിനിധികളുടേയും രക്ഷിതാക്കളുടെയും പൂർണ്ണ പിന്തുണയോടുകൂടി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും അതുവഴി കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിപ്പിക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. സർക്കാർ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയതോടുകൂടി പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളുടെ ഒഴുക്ക് തന്നെ ഉണ്ടായിട്ടുണ്ട്. എല്ലാ തരത്തിലുള്ള അക്കാദമിക പിന്തുണയും നൽകി കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തേണ്ടും പിന്തുണ നൽകേണ്ടതും സമൂഹത്തിന്റെ ബാധ്യതയാണ്.

## അധ്യാപകരുടെ വിവരങ്ങൾ

| പേര് | തസ്തിക | വയസ്സ് | യോഗ്യത | ക്ലാസ് |
|---|---|---|---|---|
| ജീന ജോസ് | എച്ച്.എം | 40 | SSLC, TTC | III |
| ജാഫർ എ.എ. | അറബിക് | 47 | SSLC, Aflalu Ulama Preliminary | I-IV |
| ജിജോ തമ്പി കെ | എൽ.പി.എസ്.ടി | 40 | SSLC, TTC | II |
| ആതിര എൻ.എ. | എൽ.പി.എസ്.ടി | 37 | SSLC, TTC | IV |
| ജിഷ സി.ഐ | എൽ.പി.എസ്.ടി | 34 | SSLC, TTC | I |

# വിദ്യാലയം - മികവിന്റെ കേന്ദ്രം
# നിലവിലെ അവസ്ഥ

നിലവിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി 43 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. കൂടാതെ പി.ടി.എ.യുടെ നേതൃത്വത്തിൽ ഇരുപതോളം വിദ്യാർത്ഥികൾ പ്രീപ്രൈമറിയിലും പഠിച്ചുവരുന്നു. കുട്ടികൾക്ക് പഠനസാഹചര്യങ്ങൾ ഒരുക്കി കൊടുക്കാൻ മാനേജ്മെന്റും, സ്റ്റാഫും മറ്റു ക്ലബ്ബുകളും പരമാവധി ശ്രമിച്ചു കൊണ്ടിരിക്കുന്നു, ക്ലാസ്സ് മുറികളുടെ ലഭ്യത ഏറെക്കുറെ തൃപ്തികരമാണ്. എങ്കിലും പ്രീപ്രൈമറി ക്ലാസ്സുകൾ കൂടുതൽ ശിശുസൗഹൃദമായി മെച്ചപ്പെടുത്തിയിട്ടുണ്ട്.

കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് ലൈബ്രറിയിൽ ആയിരത്തോളം പുസ്തകങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. എന്നിരുന്നാലും വായനാമുറിയുടെ അപര്യാപ്ത വായനയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അമ്മവായന വളരെ സജീവമായി കൊണ്ടിരിക്കുന്നു. അമ്മമാരുടെ കുറിപ്പ് അവതരണവും ഏറെ പ്രശംസനീയമാണ്. അവർക്കു വേണ്ടത്ര പ്രോത്സാഹനം നൽകാൻ എല്ലാവരും പരിശ്രമിക്കുന്നു. കുട്ടികളുടെ എണ്ണത്തിനാവശ്യമായ ടോയ്‌ലറ്റുകൾ ഉപയോഗയോഗ്യമാണ്.

പാഠ്യേതര അന്തരീക്ഷം ആകർഷകമാക്കാൻ കുട്ടികളുടെ പാർക്ക് വിദ്യാലയത്തിൽ നിർമ്മിച്ചിട്ടുണ്ട്. കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്ക് ആവശ്യമായ പ്രധാനഘടകങ്ങളിൽ ഒന്നായ ഭക്ഷണം പാകം ചെയ്യുന്നതിന് നല്ല അടുക്കള പ്രവർത്തിച്ചു വരുന്നു. അരിയും മറ്റുസാധനങ്ങളും സൂക്ഷിച്ചുവെയ്ക്കുന്നതിനാശ്യമായ സ്റ്റോർ റൂം ഉണ്ട്. ആഴ്ചയിൽ രണ്ട് ദിവസം പാലും, ഒരു ദിവസം മുട്ടയും മറ്റു പോഷകാഹാരങ്ങളും നൽകി വരുന്നു.

കുട്ടികൾക്ക് പഠനം ലളിതവും ആസ്വാദകരവുമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് കമ്പ്യൂട്ടർ വളരെയധികം സഹായിക്കുന്നുണ്ട്. ക്ലാസ് റൂമുകളിൽ പ്രൊജക്ടർ സംവിധാനവും നിലവിൽ ഉണ്ട്. കുട്ടികളെ അംഗങ്ങളാക്കിയുള്ള വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

സ്കൂൾ അസംബ്ലി, ദിനാചരണങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലസഭ, ഹലോ ഇംഗ്ലീഷ്, പുസ്തക പരിചയം, മലയാളത്തിളക്കം, ഗണിതം മധുരം, ഗണിത വിജയം, അക്ഷരദീപം, ഒപ്പം ഒപ്പത്തിനൊപ്പം, ഇതളുകൾ കയ്യെഴുത്ത് മാസിക എന്നിവ വളരെ നല്ലരീതിയിൽ തുടർന്നുകൊണ്ടിരിക്കുന്നു.

സർക്കാരിൽ നിന്നും ലഭിക്കുന്ന യൂണിഫോം, സ്കോളർഷിപ്പുകൾ, മറ്റു ആനുകൂല്യങ്ങൾ എന്നിവ കൃത്യമായി കുട്ടികൾക്കു നൽകി വരുന്നു. ഉപജില്ലാ തലത്തിൽ കലാ-കായിക മത്സരങ്ങളിൽ പങ്കെടുക്കുകയും പോയിന്റുകൾ കര സ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. വിജ്ഞാനോത്സവ പരീക്ഷകളിലും സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു.

ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, ആരോഗ്യ ക്യാമ്പുകൾ തുടങ്ങിയവ പ്രാഥമിക ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. വാർഷികാ ഘോഷപരിപാടികളും നടന്നുകാണ്ടിരിക്കുന്നു. ജലസാക്ഷരത, പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് എന്നിവയുടെ സജീവ പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. അധ്യാപക വിദ്യാർത്ഥി ബന്ധം ഊഷ്മളമായ രീതിയിൽ നിലനിർത്തികൊണ്ടുപോകാനുള്ള അന്തരീക്ഷം വിദ്യാലയത്തിന്റെ പ്രധാന നേട്ടങ്ങളിലൊന്നാണ്.

ചുരുക്കത്തിൽ വിദ്യാലയത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് മാനേജ്മെന്റ്, പി.ടി.എ., വിവിധ ക്ലബ്ബുകൾ, സ്കൂൾ സംരക്ഷണസമിതി തുടങ്ങിയവരുടെ സഹകരണം എടു ത്തുപറയേണ്ടതാണ്.

## ലക്ഷ്യം

കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്കാവശ്യമായ അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രവർത്തനങ്ങളും സാഹചര്യങ്ങളും സജ്ജമാക്കി മുന്നേറുക എന്നതാണ് ലക്ഷ്യം.

## കുട്ടികളുടെ പ്രാഥമിക വിവരങ്ങൾ

| Std | Boys | Girls | Total | Arabic | Remarks |
|---|---|---|---|---|---|
| 1 | 4 | 9 | 11 | 10 | |
| 2 | 12 | 3 | 7 | 7 | |
| 3 | 9 | 2 | 11 | 9 | |
| 4 | 3 | 6 | 9 | 7 | |
| **TOTAL** | 18 | 20 | 38 | 33 | |

# പൊതുലക്ഷ്യങ്ങൾ

1. പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കുക.
2. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക.
3. കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസ്സും ജൈവവൈവിധ്യ ഉദ്യാനമാക്കുക.
4. വായനശാലയും ലബോറട്ടറിയും ആധുനികവത്ക്കരിക്കുക.
5. വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക.
6. കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുക.
7. സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര വിദ്യാഭ്യാസം
8. പിന്നോക്ക് നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.
9. സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുക.
10. പാഠ്യേതര പ്രവർത്തന സൗകര്യങ്ങൾ
11. വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്കരണം (സ്ത്രീ പുരുഷ സമത്വം)
12. ലഹരി വിരുദ്ധ മനോഭാവം വളർത്തുക.
13. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ്
14. കാർഷിക സംസ്കാരം വളർത്തുക.
15. ക്ലാസ് മുറി ഹൈടെക് ആക്കുക.
16. സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തി ആകർഷകമാക്കും.
17. സമഗ്ര വിദ്യാലയവികസന രൂപരേഖ
18. നിലവാരമുള്ള അധ്യാപക പരിശീലനം.

# പ്രശ്ന വിശകലനം

## മേഖല : അക്കാദമികം                    ഉപമേഖല : സയൻസ്

1. നിത്യജീവിതത്തിൽ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രശ്ന വിശകലനം നടത്താനും പരിഹരിക്കാനോ കഴിയുന്നില്ല.
2. നിത്യജീവിതത്തിൽ ശാസ്ത്രീയ മനോഭാവം പുലർത്താനും സ്വന്തമായി പരീക്ഷണം പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ സാധിക്കുന്നില്ല.
3. ശാസ്ത്രപഠനങ്ങൾ ഫലപ്രദമായി വിനിമയം നടത്താൻ ആവശ്യമായ പഠനോപകരണങ്ങൾ വിവര വിനിമയ സാങ്കേതിക വിദ്യകൾ, ശാസ്ത്രമൂല, സ്കൂൾ ലാബ്, ശാസ്ത്ര ലൈബ്രറി എന്നിവയുടെ അഭാവം മൂലം ശാസ്ത്ര പഠനം ഫലപ്രദമാക്കാൻ സാധിക്കുന്നില്ല.

| പ്രശ്ന കാരണം | പരിഹാര നിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| അതാതു ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട ശാസ്ത്ര അഭിരുചി ആർജ്ജിക്കാൻ സാധിക്കുന്നില്ല. | അതു ക്ലാസ്സുകളിൽ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രീടെസ്റ്റ് നടത്തി കണ്ടെത്തൽ | പ്രീടെസ്റ്റ് |
| നിത്യജീവിതത്തിൽ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രശ്ന വിശകലനം നടത്താൻ കഴിയുന്നില്ല. | ശിൽപശാല സംഘടിപ്പിക്കുക, വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക. | ശാസ്ത്ര അധ്യാപകരുടെ കൂട്ടായ്മ ശാസ്ത്രാഭിരുചി വളർത്താൻ വിവര സാങ്കേതിക വിദ്യയിൽ കൂടുതൽ ആഭിമുഖ്യം വളർത്തൽ. |
| നിത്യജീവിതത്തിൽ യുക്തി ബോധവും ശാസ്ത്രീയ മനോഭാവവും വളർത്താൻ വിദ്യാർത്ഥികൾക്ക് സ്കൂൾ ലാബ് ശാസ്ത്ര ലൈബ്രറി എന്നിവ ഒരുക്കാൻ സാധിക്കുന്നില്ല. | എല്ലാ കുട്ടികൾക്കും യുക്തിബോധവും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനായി സ്കൂൾ ലാബും സ്കൂൾ ലൈബ്രറിയും സജ്ജീകരിക്കുക. | സ്കൂൾ ലാബും സ്കൂൾ ലൈബ്രറിയും ശക്തിപ്പെടുത്തുക. |

# പരിഹാര പ്രവർത്തനങ്ങൾ

1. അതതു ക്ലാസ്സുകളിലെ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെടുത്തി പ്രീടെസ്റ്റ് നടത്തുക.
2. ശില്പശാല സംഘടിപ്പിക്കുക. വിവര സാങ്കേതിക വിദ്യ ശക്തിപ്പെടുത്തുക.
3. എല്ലാ കുട്ടികൾക്കും ശാസ്ത്രീയ മനോഭാവം വളർത്താൻ സ്കൂൾ ലാബും സ്കൂൾ ലൈബ്രറിയും വിപുലപ്പെടുത്തുക.

# പ്രവർത്തന പദ്ധതി വിശകലനം

മേഖല : സയൻസ്

പ്രശ്നം : പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുക.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വിഷയസമിതി രൂപീകരണം | വിദ്യാലയ വികസന സമിതി | മെയ് | 800 രൂപ | പി.ടി.എ |
| പ്രീടെസ്റ്റ് ടൂൾ നിർമ്മാണം | വിഷയ സമിതി | മെയ് | 1000 രൂപ | പി.ടി.എ |
| പ്രീടെസ്റ്റ് നടപ്പാക്കൽ | ക്ലാസ് ടീച്ചർ | ജൂൺ | | |
| മൂല്യനിർണ്ണയം റിപ്പോർട്ട് അവതരണം | എസ്.ഐ.ആർ.ജി പി.ടി.എ | ജൂൺ | 800 രൂപ | പി.ടി.എ |
| മോണിറ്ററിംഗ് | എച്ച്.എം പി.ടി.എ. വികസന സമിതി | ജൂൺ | | |

# പ്രവർത്തനം - 1

വിവര സാങ്കേതിക വിദ്യയിൽ ശില്പശാല സംഘടിപ്പിക്കൽ

<u>ലക്ഷ്യം</u>

നിത്യജീവിതത്തിൽ ശാസ്ത്രീയമായ മനോഭാവം വളർത്തൽ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശില്പശാല ആലോചന യോഗം | വിഷയ സമിതി | ആഗസ്റ്റ് | 2000 രൂപ | എസ്.എസ്.എ. |
| പാഠ പുസ്തകത്തിലെ ശാസ്ത്ര വിഷയങ്ങളെ അടിസ്ഥാനമാക്കി ശില്പശല | വിഷയ സമിതി | ആഗസ്റ്റ് | 2000 രൂപ | എസ്.എസ്.എ |
| റിപ്പോർട്ട് അവതരണം | വിഷയ സമിതി | സെപ്തം ബർ | 1000 രൂപ | എസ്.എസ്.എ |
| മോണിറ്ററിംഗ് | വിഷയ സമിതി | ജൂലായ്- സെപ്തം ബർ | | പി.ടി.എ എസ്.എസ്.എ |

# പ്രവർത്തനം - 2

എല്ലാ കുട്ടികൾക്കും ശാസ്ത്രീയ മനോഭാവം വളർത്താൻ സ്കൂൾ ലൈബ്രറിയും സ്കൂൾ തലവും വിപുലപ്പെടുത്തുക.

<u>ലക്ഷ്യം</u>

എല്ലാ കുട്ടികൾക്കും ശാസ്ത്രബോധം ഉറപ്പാക്കുന്നതിന്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സമിതി രൂപീകരണം | വിഷയ സമിതി | ജൂലായ്- | 800 രൂപ | പി.ടി.എ<br>എസ്.എസ്.എ |
| ശാസ്ത്ര പുസ്തക സമാഹരണം, സ്കൂൾ ലാബ് നവീകരണം | പൂർവ്വ വിദ്യാർത്ഥികളും പി.ടി.എ., ഒ.ടി.എ | ജൂൺ | 10000 രൂപ | ഒ.എസ്.എ<br>ഒ.ടി.എ<br>പി.ടി.എ<br>എസ്.എസ്.എ |
| പുസ്തക ക്രമീകരണം ലാബ് സജ്ജീകരിക്കൽ | | ജൂൺ | 1000 രൂപ | ഒ.എസ്.എ<br>ഒ.ടി.എ<br>പി.ടി.എ<br>എസ്.എസ്.എ |
| മോണിറ്ററിംഗ് | | ജൂൺ | | പി.ടി.എ |

# പ്രശ്ന വിശകലനം

മേഖല : അക്കാദമികം　　　　ഉപമേഖല : അറബിക്

<u>പ്രശ്നം</u>

1. വിദ്യാർത്ഥികൾക്ക് ഇതര ഭാഷകളിൽ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നില്ല.
2. വിവിധ ഭാഷകളിൽ അനുയോജ്യമായ പഠനാന്തരീക്ഷം ഒരുക്കാൻ സാധിക്കുന്നില്ല.
3. നേരിടുന്ന പ്രശ്നങ്ങൾക്ക് ഗവേഷണാത്മകമായ പരിഹാരം കാണാൻ സാധിക്കുന്നില്ല.

| പ്രശ്ന കാരണം | പരിഹാര നിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| അതാതു ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട നിർദ്ദേശങ്ങൾ നേടിയിട്ടില്ല. | അതു ക്ലാസ്സിലെ ഭാഷാനിലവാരം കണ്ടെത്തൽ | ഉയർന്ന ഭാഷാശേഷി വികസന പരിപാടി, പ്രീടെസ്റ്റ |
| വിദ്യാർത്ഥികൾക്ക് അധികഭാഷ സർഗ്ഗാത്മക പ്രവർത്തനങ്ങളില്ല | രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ | ഉയർന്ന ഭാഷാശേഷി വികസനത്തിനായി അധ്യാപക പരിശീലനം ശില്പശാലകൾ |
| സ്കൂൾ പ്രവർത്തനങ്ങളും പഠനാന്തരീക്ഷവും പരസ്പര പൂരകമായി മുന്നേറുന്നു. | വിദ്യാർത്ഥികൾക്കുള്ള ശില്പശാലകൾ | പഠനത്തിൽ ഇതരബാഷ അധ്യാപകരുടെ കൂട്ടായ്മ യുടെ സാധ്യത പ്രയോജനപ്പെടുത്തുക. ശില്പശാലകൾ സംഘടിപ്പിക്കുക |

# പരിഹാര പ്രവർത്തനങ്ങൾ

1. അതതു ക്ലാസ്സിലെ ഇതരഭാഷ (അറബിക്) നിലവാരം കണ്ടെത്തുന്നു.
2. വിദ്യാർത്ഥികൾക്ക് ശില്പശാല സംഘടിപ്പിക്കുന്നു.
3. പഞ്ചായത്തിലെ ഇതരഭാഷ അധ്യാപക കൂട്ടായ്മയിൽ രക്ഷിതാക്കൾക്ക് ക്ലാസ്, ശില്പശാലകൾ ഇവ നടത്തുന്നു.

# പ്രവർത്തന പദ്ധതി വിശകലനം

മേഖല : ഇതര ഭാഷ : അറബിക്

പ്രശ്നം : വിദ്യാർത്ഥികൾക്ക് ഇതര ഭാഷാപഠനത്തിൽ ആർജ്ജിക്കേണ്ട സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നില്ല.

ലക്ഷ്യം : ഇതര ഭാഷയിൽ ഉയർന്ന ശേഷി നേടൽ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വിഷയസമിതി രൂപീകരണം | വിദ്യാലയ വികസന സമിതി | മെയ് | 500 രൂപ | പി.ടി.എ |
| പ്രീടെസ്റ്റ് നടത്തൽ | ഇതര ഭാഷാ അധ്യാപകർ | ജൂൺ | 500 രൂപ | പി.ടി.എ |
| പരിഹാര ബോധനമഡ്യൂൾ തയ്യാറാക്കൽ | ഇതര ഭാഷാ അധ്യാപകർ | ജൂൺ | 1000 രൂപ | പി.ടി.എ |
| മോണിറ്ററിംഗ് | എച്ച്.എം പി.ടി.എ, ഇതര ഭാഷാ അധ്യാപകർ | ആഗസ്റ്റ് | 1000 രൂപ | പി.ടി.എ |

# പ്രശ്ന വിശകലനം

**മേഖല : അക്കാദമികം** **ഉപമേഖല : സാമൂഹികം**

## പ്രശ്നം

1. നിലവിലെ സാമൂഹിക പ്രശ്നങ്ങൾ, വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി സംഘങ്ങൾ, എസ്.എം.സി, വിദ്യാലയ വികസന സമിതി ഇവ കാര്യക്ഷമമാക്കാൻ കഴിയുന്നില്ല.
2. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടാൻ സാധിക്കുന്നില്ല
3. വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
4. റിസോഴ്സ് മാപ്പിംഗ് പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല.

| പ്രശ്ന കാരണം | പരിഹാര നിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| വിദ്യാലയത്തിലെ നിലവിലുള്ള എസ്.എം.സി വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുന്നില്ല. | സന്നദ്ധ സംഘടനയുടെ ആഭിമുഖ്യത്തിൽ മെഡിക്കാൽ ക്യാമ്പ് ബോധവൽക്കരണ ക്ലാസ്സ് എന്നിവ വിദ്യാലയത്തിൽ നടത്തുക, സ്കൂൾ ലൈബ്രറി, രക്ഷിതാക്കൾക്കും നാട്ടുകാർക്കും കൂടി പ്രയോജനപ്പെടുത്തുക. | വിദ്യാലയത്തിലെ എസ്.എം.സി വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന തുടങ്ങിയവരെ ഉൾപ്പെടുത്തി കൊണ്ട് വിദ്യാലയത്തിൽ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br>ഉദാ :- പച്ചക്കറി കൃഷി, സോപ്പുനിർമ്മാണം, ഭക്ഷ്യമേളകൾ, ഹെൽത്ത് ക്ലാസ്സുകൾ |
| വിദ്യാലയ മികവുകൾ പൊതുസമൂഹത്തിലേക്ക് വേണ്ട വിധത്തിൽ എത്തിക്കുവാൻ സാധിക്കുന്നില്ല. | രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ | വിദ്യാലയത്തിൽ മെഡിക്കൽ ക്യാമ്പ്, ഹെൽത്ത് ക്ലാസ്, വായനാ സൗകര്യം എന്നിവ ഏർപ്പെടുത്തുക |
| വിദ്യാലയ വിഭവങ്ങൾ സമൂഹത്തിൽകൂടി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. | വിദ്യാർത്ഥികൾക്കുള്ള ശില്പശാലകൾ | |

# പരിഹാര പ്രവർത്തനങ്ങൾ

1. അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം മുമ്പത്തേക്കാൾ ദൃഢമാക്കുക.
2. സാമൂഹിക സാംസ്കാരിക മാധ്യമ പ്രവർത്തകരുമായി നല്ല ബന്ധം സ്ഥാപിക്കൽ
3. സന്നദ്ധ സംഘടനയുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

# പ്രവർത്തന പദ്ധതി വിശകലനം

മേഖല : സാമൂഹികം

പ്രശ്നം : വിദ്യാലയത്തിൽ നിലവിലുള്ള എസ്.എം.സി, വികസന സമിതി, ഒ.എസ്.എ എന്നീ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമായിട്ടില്ല.

പ്രവർത്തനം : 1

എസ്.എം.സി വികസന സമിതി, ഒ.എസ്.എ എന്നിവയുടെ വിദ്യാലയവുമായുള്ള ബന്ധം കാര്യക്ഷമമാക്കുക.

ലക്ഷ്യം : വിദ്യാലയത്തിലെ എസ്.എം.സി വികസന സമിതി, ഒ.എസ്.എ തുടങ്ങിയവ കാര്യക്ഷമമാക്കൽ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സമിതി രൂപീകരണം | എസ്.എം.സി. വികസന സമിതി | മെയ് | 1000 രൂപ | പി.ടി.എ |
| ആശയ രൂപീകരണം | എസ്.എം.സി. വികസന സമിതി | മെയ് | 1000 രൂപ | പി.ടി.എ |
| പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതൽ പ്രാതിനിധ്യം നൽകൽ | എസ്.എം.സി. വികസന സമിതി | മെയ് | 1000 രൂപ | പി.ടി.എ |
| നടപ്പാക്കൽ | എസ്.എം.സി. വികസന സമിതി | ജൂൺ | 1000 രൂപ | പി.ടി.എ |

# പ്രവർത്തനം - 3

സാമൂഹിക, സാംസ്കാരിക, മാധ്യമ പ്രവർത്തകരെ വിദ്യാലയത്തിലെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധപ്പെടുത്തുക.

## ലക്ഷ്യം

വിദ്യാലയത്തിന്റെ മികവുകൾ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിന്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സമിതി രൂപീകരണം | എസ്.എം.സി, വികസന സമിതി | മെയ് | 1000 രൂപ | പി.ടി.എ |
| ആശയ രൂപീകരണം | എസ്.എം.സി, വികസന സമിതി | മെയ് | 1000 രൂപ | പി.ടി.എ |
| എസ്.എം.എസ്, ഒ.എസ്.എ, വികസന സമിതി എന്നീ സംഘടനകളുടെ പ്രാതിനിധ്യത്തിൽ വിദ്യാലയ പ്രവർത്തനം നടപ്പിലാക്കുക. | എസ്.എം.സി, വികസന സമിതി | മെയ് | 2000 രൂപ | പി.ടി.എ |

# ക്ലാസ്സ് 1 : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലളിതമായ പാട്ടുകളും വായ്ത്തരികളും ഒറ്റയ്ക്കും സംഘമായും പാടുന്നത്. | ലളിതമായ പാട്ടുകളും വായ്ത്തരികളും ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കൽ. (പി.ടി.എ അവസരം നൽകുന്നു) | എല്ലാ മാസവും | ടീച്ചർ രക്ഷിതാവ് | |
| ലളിതമായ വായനാ കാർഡുകൾ വായിക്കുന്നതിനും, ലേഖനത്തിനും, വായനയ്ക്കും ഉള്ള ശേഷി ഉള്ളവരാക്കുക. | * ചിത്രങ്ങൾ നിരീക്ഷിക്കൽ<br>* സംയുക്ത ഡയറി<br>* വായനക്കൂട്<br>* വായനോത്സവം<br>* കൂട്ടബോർഡ് എഴുത്ത്<br>* ക്ലാസ് ഒരു വായനക്കൂട്<br>* വീട് ഒരു വായനക്കൂട്<br>* വായിച്ച കഥയിലെ ആശയം പങ്കിടൽ<br>* രചനോത്സവം<br>* ചിത്ര വായന കാർഡുകൾ തയ്യാറാക്കൽ<br>* റീഡേഴ്സ് തിയേറ്റർ<br>* കഥ പറയാൻ അവസരം | ജൂൺ<br>ജൂലൈ<br>ജൂൺ<br>ജൂൺ<br>ഡിസം.<br>ജൂൺ<br>ജൂൺ<br>ഡിസം.<br>മുതൽ<br>ഫെബ്രു.<br><br><br><br>ഒക്ടോ. | ടീച്ചർ<br>ടീച്ചർ<br>രക്ഷിതാവ്<br>രക്ഷിതാവ്<br>ടീച്ചർ<br><br>രക്ഷിതാവ്<br>രക്ഷിതാവ്<br>ടീച്ചർ | |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യകൾ എണ്ണാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കൽ | ഗണിത മാഗസിൻ | ജൂൺ | ടീച്ചർ | |
| | * സംഖ്യ മാഗസിൻ തയ്യാറാക്കൽ | ജൂൺ | ടീച്ചർ | |
| | * മഞ്ചാടി സഞ്ചി | ജൂൺ | രക്ഷിതാവ് | |
| | * ടെൻഫ്രെം | | | |
| | * സംഖ്യകൾ തയ്യാറാക്കി 1 മുതൽ 20 വരെയും, 20 മുതൽ 1 വരെയും എഴുതുന്നു. | ജൂൺ മുതൽ മാർച്ച് | ടീച്ചർ | |
| | * അബാക്കസ് നിർമ്മാണം. | ആഗസ്റ്റ് | രക്ഷിതാവ് | |
| | * ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ നടത്തുന്നു. (കളികളിലൂടെയുള്ള ഗണിത പഠനം) | സെപ്റ്റം. മുതൽ മാർച്ച് | ടീച്ചർ | |

# English

| Aim | Activities | Time | Duty | Expense |
|---|---|---|---|---|
| Improve Reading, Writing, Speaking Skills | * Graphic Reading<br>* Picture Reading<br>* Simple Words<br>* Reading Card Reading | August to March | Teacher & Parents | |
| | * Description (From Graphic Reading)<br>* Make Riddle (Oral)<br>* Role Play | March | Teacher | |
| | * Conversation<br>* Communicative English in our Class room | July<br>August<br>Novem. | Teacher | |

## ക്ലാസ്സ് : 2

മേഖല : അക്കാദമികം
ഉപമേഖല : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുന്നതിനും എഴുതുന്നതിനും | സംയുക്തഡയറി | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ<br>രക്ഷിതാവ് | |
| താളബോധം രൂപപ്പെടുത്തുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാക്കുന്നു. | പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ | |
| മുഴുവൻ കുട്ടികളേയും മികച്ച വായനയിലേക്ക് എത്തിക്കുന്നു. | റീഡേഴ്സ് തിയറ്റർ | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ<br>പി.ടി.എ | |
| രചനാശേഷി പരിപോഷിപ്പിക്കുന്നതിനും സ്വായത്തമായ വാക്കുകൾ ഉപയോഗിച്ച് ആശയം പൂർത്തിയാക്കുന്നതിനും | ക്ലാസ് പത്രം | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ടീച്ചർ<br>കുട്ടി<br>രക്ഷിതാവ് | |
| കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് അവസരം ഒരുക്കി ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിന് | ഭാഷോത്സവം | ഫെബ്രുവരി | എസ്.ആർ.ജി<br>പി.ടി.എ | |

# ക്ലാസ്സ് : 2

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Lets Talk.. പ്രതിഭാധനരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന | എസ്.ആർ.ജി | |
| | ഇംഗ്ലീഷ് ബാലസഭ | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | എസ്.എസ്.എ |
| | ഇംഗ്ലീഷ് അസംബ്ലി വൺ ഡേ ഇംഗ്ലീഷ് | ആഴ്ചയിൽ ഒന്ന് | എസ്.എം.സി | |

# ക്ലാസ്സ് : 2

## മേഖല : അക്കാദമികം
## ഉപമേഖല : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | എസ്.ആർ.ജി<br>ക്ലാസ്സ് ടീച്ചർ | എസ്.എസ്.എ |

# ക്ലാസ്സ് : 2

## മേഖല : അക്കാദമികം
## ഉപമേഖല : പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | * ശുചിത്വസർവ്വേ ക്ലാസ്സുകൾ<br>* പോസ്റ്റർ രചനാ മത്സരം<br>* അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി<br>എസ്.എം.സി. | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം<br>കാഴ്ച ബംഗ്ലാവിലേക്ക്<br>കാണാകാഴ്ചകൾ | സെപ്തംബർ ഡിസംബർ | ടീച്ചേഴ്സ്<br>എസ്.ആർ.ജി<br>എസ്.എം.സി. | എസ്.എസ്.എ |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം. | ജനുവരി | എസ്.ആർ.ജി<br>എസ്.എം.സി.<br>നാട്ടുകാർ | |

# ക്ലാസ്സ് : 3 [ഭാഷ]

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അനുയോജ്യമായ ഭാവം, ഒഴുക്ക്, അർത്ഥം പ്രകടമാക്കുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ചവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കൽ. | പാഠപുസ്തകത്തിലേയും ടീച്ചർ ടെസ്റ്റിലേയും പഠനാനുഭവങ്ങൾക്ക് പൂരകമായതും ഭാവാത്മക വായനക്കിണങ്ങുന്നതുമായ പുസ്തകങ്ങളോ പുസ്ത ഭാഗങ്ങളോ സ്കൂൾ ലൈബ്രറിയിൽ നിന്നും മറ്റും വേർതിരിച്ച് ക്രമീകരിക്കൽ സാമഗ്രികൾ | മെയ് 2025 | എസ്.ആർ.ജി | |
| പാഠപുസ്തകങ്ങൾക്ക് പുറമെ, കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന വിവിധ വായനാ സാമഗ്രികൾ ലഭ്യമാക്കുക. അവ വായിച്ച് അവതരിപ്പിക്കുന്നതിനുള്ള ധാരാളം അവസരങ്ങൾ ഒരുക്കുക. | കാഴ്ച പരിമിതിയുള്ള കുട്ടിക്ക് കൂടി സഹായകമായ ശ്രവണ പാഠം തയ്യാറാക്കൽ | മെയ് 2025 | എസ്.ആർ.ജി | |
| | കുട്ടികൾക്കൊരു പുസ്തകം സമ്മാനം | ജൂൺ | പി.ടി.എ സ്പോർസറിങ്ങ് | പ്രവേശ നോത്സവം |
| വായനയിൽ കുട്ടികൾ പുലർത്തുന്ന മികവ് പൊതു സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുനുള്ള അവസരമൊരുക്കുക. | ഭാവാത്മകമായി വായിച്ച് തയ്യാറാക്കിയ ചില രചനകൾ തൽസമയം എഴുതികാണിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ സാമഗ്രിയായി തയ്യാറാക്കൽ. | ജൂൺ ആദ്യവാരം | ക്ലാസ് പി.ടി.എ | |
| | കുട്ടികൾക്കിണങ്ങുന്ന പുസ്തകം / പുസ്തകഭാഗം ഭാവാത്മകമായി വായിച്ചുകേൾക്കാനവസരം. | ജൂൺ | എസ്.ആർ.ജി | വായനാ പക്ഷാചരണം |
| | കുട്ടികളുടെ പുസ്തകമേള സംഘടിപ്പിക്കൽ | ജൂൺ 19 | സ്കൂൾ പി.ടി.എ എസ്.എം.സി, പൂർവ്വ വിദ്യാർത്ഥി സംഘടന. | |
| | അമ്മമാരുടെ റിഡേഴ്സ് തിയേറ്റർ ശില്പശാല | ജൂലായ് | എസ്.ആർ.ജി പ്രാദേശിക വിദഗ്ദർ | |

# ക്ലാസ്സ് : 3

## മേഖല : അക്കാദമികം
## ഉപമേഖല : ഭാഷ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം. | കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ എസ്.എം.സി | എസ്.എം.സി |
| | പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അധ്യാപകർ എസ്.എം.സി | എസ്.എം.സി |
| | ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | | |
| നല്ല വായന (ഭാവം അക്ഷര സ്ഫുടത ഉച്ചാരണം) | വായനക്കളരി | | | |
| | നാട്ടുവായന പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഴ്ചയി ലാണ് | വായനശാല എസ്.എം.സി എസ്.ആർ.ജി | ക്ലബ്ബ് എസ്.എം.സി എസ്.ആർ.ജി |
| | കഥ പറയാൻ അവസരം | | | |
| | വായനാമത്സരം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |
| | ചിത്രകഥകൾ കാണാനും കേൾക്കാനും അവസരം | | അധ്യാപകർ പി.ടി.എ | |

# ക്ലാസ്സ് : 3

## മേഖല : അക്കാദമികം

## ഉപമേഖല : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും, | ഒക്ടോബർ | എസ്.ആർ.ജി<br>പി.ടി.എ | എസ്.എസ്.എ |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ. പ്രദർശിപ്പിക്കൽ. | | | |
| സമയം അറിയാം. | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | എസ്.എസ്.എ.<br>സ്റ്റാഫ്<br>എസ്.എം.സി. |
| | ക്ലോക്ക് നിർമ്മാണം<br>സമയം - സിക്റ്റ് | ഫസ്റ്റ് ടേം | അധ്യാപകർ<br>രക്ഷിതാക്കൾ | |

# ക്ലാസ്സ് : 3

## മേഖല : അക്കാദമികം
## ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന-ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ-മാർച്ച് | അധ്യാപകർ | എസ്.എസ്.എ |
| | വാർത്താ വായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | അധ്യാപകർ പി.ടി.എ. | എസ്.എസ്.എ |
| | വായനാക്യാമ്പുകൾ | മൂന്ന് മാസത്തിൽ ഒന്ന് | പി.ടി.എ. | എസ്.എസ്.എ |
| സ്പോക്കൺ ഇംഗ്ലീഷ് | ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ-മാർച്ച് | ലീഡർ | എസ്.എസ്.എ |
| | സാധിക്കുന്ന സമയങ്ങളിൽ ഇംഗ്ലീഷ് ഭാവി ഉപയോഗിക്കൽ. | | അധ്യാപകർ | |
| | വായനാ കാർഡുകൾ കഥകൾ | | കുട്ടികൾ അധ്യാപകർ | |

# ക്ലാസ്സ് : 3

## മേഖല : അക്കാദമികം
## ഉപമേഖല : പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം<br>ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴി നിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. | ജൂലൈ<br>ഡിസംബർ | അധ്യാപകർ | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ<br>നിരീക്ഷണ പാടവം | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം<br>വീടിനകത്തും<br>ശാസ്ത്ര മാസികകൾ | ജൂൺ<br>മാർച്ച് | അധ്യാപകർ | |
| പോഷകാഹാരം പ്രാധാന്യം | വസ്തുക്കൾ,<br>ജീവികൾ,<br>പരിസരം<br>പോഷകാഹാരവുമായി ബന്ധപ്പെട്ട്<br>അറിയേണ്ടതെല്ലാം<br>ആരോഗ്യകാർഡ്<br>ഹെൽത്ത് ബെൽ | ജൂൺ<br>ഡിസംബർ | ഹെൽത്ത് | |
| ജീവികൾ സഞ്ചാരരീതികൾ | സഞ്ചാരരീതികൾ<br>ശാരീരിക സവിശേഷതകൾ | ജൂൺ<br>സെപ്തംബർ | അധ്യാപകർ | |

## ക്ലാസ്സ് : 4

മലയാള ഭാഷ

### മധുരം മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ ഫണ്ട് |

### വായിക്കാം വളരാം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം വായനാകുറിപ്പ് ആസ്വാദ കുറിപ്പ്. പുസ്തക സംവാദം ആനുകൂലിക വായന | വർഷം മുഴുവൻ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ ഫണ്ട് |

### എഴുതാം തെളിയാം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ ഫണ്ട് |

### എഴുത്തുകാരുമായി സംവദിക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| ക്ലാസ്സ് : 4 | | ഗണിതം | | |
|---|---|---|---|---|
| **കളിക്കാം.. ഗണിക്കാം...** | | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഗണിതപഠനം രസകരമാക്കാൻ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ. മൂല്യനിർണ്ണയം (ഏണിയും, പാമ്പും, ഡയസ് കളി) സങ്കലനം - വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിത ശാസ്ത്രപഠനം രസകരമാക്കാൻ, കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തി ലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | പി.ടി.എ ഫണ്ട് |
| **ഗണിതലാബ്** | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | എച്ച്.എം എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ ഫണ്ട് |
| **ഗണിതച്ചുമർ** | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പി.ടി.എ ഫണ്ട് |
| **ഗണിത പഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണ ങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യാ നുസരണം | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ ഫണ്ട് |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തി ലൊന്ന് | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |

## ക്ലാസ്സ് : 4 പരിസരപഠനം

### പ്രകൃതി നടത്തം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം<br>അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | എച്ച്.എം<br>സി.പി.ടി.എ | പി.ടി.എ |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കാൽ | ശാസ്ത്രപഠനത്തിനാവശ്യമാ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | എച്ച്.എം<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | പി.ടി.എ<br>എസ്.എസ്.എ |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി<br>ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | എച്ച്.എം<br>എസ്.ആർ.ജി<br>സി.പി.ടി.എ<br>ക്ലാസ് ടീച്ചർ | പി.ടി.എ<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ - ഭൂപടവായന-സൂചിക-പരിയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>ഉപയോഗിക്കൽ | വർഷത്തിലൊന്ന് | എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | പി.ടി.എ |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | പി.ടി.എ |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ..............പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | എച്ച്.എം<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | പി.ടി.എ |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | എച്ച്.എം<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | പി.ടി.എ |

## ക്ലാസ്സ് : 4 ഇംഗ്ലീഷ്

### ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാപഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗ്ഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (സ്കിറ്റ്, ഡ്രാമ, കോൺവർസേഷൻ, സ്റ്റോറി ടെല്ലിംഗ്) | മാസത്തി ലൊന്ന് | എച്ച്.എം ക്ലാസ് ടീച്ചർ എസ്.എം.സി | എസ്.എം.സി |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗ്ഗാത്മക രചനശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തി ലൊരിക്കൽ | എച്ച്.എം ക്ലാസ് ടീച്ചർ എസ്.എം.സി | എസ്.എം.സി |

## ക്ലാസ്സ് : 1 - 4      അറബിക്

## ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാപഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന | I-II | ജൂൺ-ജൂലൈ | അധ്യാപകർ | അധ്യാപകർ |
| | ക്ലാസ് വായന | I-II | ജൂൺ-ഫെബ്രുവരി | | പി.ടി.എ |
| | ലൈബ്രറി വായന | III-IV | | | എസ്.ആർ.ജി |
| | ചിത്രവായന | I-IV | | | |
| | മാഗസിൻ വായന | III-IV | നവം-ഡിസം. | | |
| | വീടുവായന | I-IV | | | |
| | കഥാവായന | III-IV | ജൂൺ-മാർച്ച് | | |
| | വായനാമത്സരങ്ങൾ | II-III-IV | ജൂൺ-മാർച്ച് | | |
| | മോണിറ്ററിംഗ് | I-IV | ജൂൺ-മാർച്ച് | | |
| | വാക്യങ്ങൾ ഉറപ്പിക്കൽ | III-IV | ജൂൺ-മാർച്ച് | | |
| | വ്യാകരണങ്ങൾ | I-IV | ജൂൺ-മാർച്ച് | | |
| | ഇ-വായന | | | | |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | ഇ-കെട്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. | I-IV | ജൂലൈ-മാർച്ച് | അധ്യാപകർ | അധ്യാപകർ<br>പി.ടി.എ |
| | ലാംഗ്വേജ് ഗെയിംസ് | | ജൂലൈ-മാർച്ച് | | |
| | റോൾപ്ലേ | | | | |
| | ക്ലാസ് സംഭാഷണം | I-IV | ആഗസ്റ്റ്-ഫെബ്രുവരി | | |
| | കാർട്ടൂൺ | | | | |
| | പ്രദർശനം | I-IV | | | |
| | പദസമ്പത്ത് വർദ്ധിപ്പിക്കൽ | III-IV | | | |
| | ഡ്രമറ്റൈസേഷൻ | I-IV | | | |
| അറബി ഭാഷ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ | III-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ<br>പി.ടി.എ |
| | പദങ്ങൾ ഉറപ്പിക്കൽ | | | | |
| | ചിഹ്നങ്ങൾ ഉറപ്പിക്കൽ | I-II | ജൂൺ-മാർച്ച് | | |
| | കൂട്ടി എഴുത്ത് | | ജൂൺ-മാർച്ച് | | |
| | അക്ഷരകാർഡ് നിർമ്മാണം | I-II | | | |
| | കയ്യെഴുത്ത് മാസിക | I-II | ഡിസം-സെപ്തം | | |
| | ചുമർ പത്രിക നിർമ്മാണം | I-II | മാർച്ച് | | |
| | ചാർട്ടെഴുത്ത് | | ഒക്ടോബർ | | |
| | ചിത്രകഥാ നിർമ്മിക്കൽ | III-IV | ഫെബ്രുവരി | | |
| | Translation | | | | |
| | Malayalam to Arabic | III-IV | ജൂൺ-മാർച്ച് | | |
| | Arabic to Malayalam | II-III-IV | | | |
| | Arabic to English | II-III-IV | | | |
| | English to Arabic | I-IV | | | |